(ബി) ഓരോ പ്രവൃത്തിയും ഏത് പദ്ധതിയിലാണെന്നും ഇതിനനുവദിച്ച തുക എത്രവീതമെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

ഗ്രാമവികസന വകുപ്പ് ബ്ലോക്ക് പഞ്ചായത്തുകൾവഴി നടപ്പിലാക്കുന്ന പദ്ധതികൾ

21 [695] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പ് ബ്ലോക്ക് പഞ്ചായത്തുകൾവഴി എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത് എന്ന് അറിയിക്കുമോ;

(ബി) കൂടുതലായി എന്തെല്ലാം പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തുകളെ ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നു എന്ന് അറിയിക്കുമോ;

(സി) ദാരിദ്ര്യനിർമ്മാർജ്ജനത്തിനുവേണ്ടി ഗ്രാമവികസനവകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പ് ബ്ലോക്ക് പഞ്ചായത്തുകൾവഴി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ കൊടുത്തിരിക്കുന്നു.

1. സ്വർണ്ണ ജയന്തി ഗ്രാമസ്വരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ.)
2. ഇന്ദിര ആവാസ് യോജന (ഐ.എ.വൈ.)
3. സമ്പൂർണ്ണ ഗ്രാമീൺ സ്വരോസ്ഗാർ യോജന (എസ്.ജി.ആർ.വൈ.)
4. സമ്പൂർണ്ണ ശുചിത്വ യജ്ഞം
5. ആർ.ഐ.ഡി.എഫ്. റോഡ് പ്രോജക്ടുകൾ
6. ദേശീയ തൊഴിലിന് കൂലി ഭക്ഷണം പദ്ധതി.

(ബി) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്ത ജില്ലകളിൽ ഈ പദ്ധതിയുടെ നടത്തിപ്പിന്റെ ഒരുഭാഗം ചുമതല ബ്ലോക്ക് പഞ്ചായത്തുകൾക്ക്കൂടി ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നു.

(സി) ദാരിദ്ര്യനിർമ്മാർജ്ജനത്തിനുവേണ്ടി ഗ്രാമവികസനവകുപ്പ് സ്വർണ്ണ ജയന്തി ഗ്രാമസ്വരോസ്ഗാർ യോജന, സമ്പൂർണ്ണ ഗ്രാമീണ സ്വരോസ്ഗാർ യോജന, ദേശീയ തൊഴിലിന് കൂലി ഭക്ഷണം പദ്ധതി എന്നീ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly